# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2365 08.05.2017-ൽ മറുപടിക്ക്

**പുതിയതായി അനുവദിച്ച ഗവ: ഹയർ സെക്കണ്ടറി സ്കൂളുകളുടെ പോസ്റ്റ് ക്രിയേഷൻ**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ ഉത്തരവ് നം. 76/2016 പ്രകാരം പുതിയതായി അനുവദിച്ച ഗവ: ഹയർ സെക്കണ്ടറി സ്കൂളുകളുടെ പോസ്റ്റ് ക്രിയേഷൻ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ? | (എ) ഹയർ സെക്കന്ററി അദ്ധ്യാപകരുടെ നിലവിലെ ജോലിഭാരം സ്പെഷ്യൽ റൂൾസ് പ്രകാരം ആഴ്ചയിൽ 14 പിരീയഡുവരെ ക്ലാസ്സുകൾ എടുക്കുന്നവർ ഹയർ സെക്കന്ററി ജൂനിയർ അദ്ധ്യാപകരായും 24 പീരിയഡുകൾവരെയുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നവർ ഹയർ സെക്കന്ററി സീനിയർ അദ്ധ്യാപകരായും പരിഗണിക്കപ്പെടുന്നു. ഇപ്പോൾ ശരാശരി 45 മിനിട്ടിന് താഴെയാണ് ഹയർ സെക്കന്ററി ക്ലാസ്സുകളിലെ പിരീഡിന്റെ ദൈർഘ്യം. അതനുസരിച്ച് 5 പ്രവൃത്തി ദിവസങ്ങളിലായി ഒരു ജൂനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 10.5 മണിക്കൂറും സീനിയർ അദ്ധ്യാപകൻ ആഴ്ചയിൽ 16 മണിക്കൂറും പഠിപ്പിച്ചാൽ മതിയാകും. കൂടാതെ അധികമായി വരുന്ന 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപകനെ നിയമിക്കുവാനും നിലവിൽ വ്യവസ്ഥയുണ്ട്. അധികമായി വരുന്ന വെറും 3 പിരീഡുകൾക്ക് ഒരു ജൂനിയർ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നത് വൻപിച്ച സാമ്പത്തിക ബാധ്യത വരുമെന്നതിനാൽ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ജോലിഭാരം പുനഃക്രമീകരിക്കാനുള്ള പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |

(മറുപുറം...)

| | | | |
|---|---|---|---|
| (ബി) | ഹയർസെക്കണ്ടറി സ്കൂളുകളിലെ നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കോമേഴ്സ് ജൂനിയറിലും സീനിയറിലും എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; വേർതിരിച്ച് വ്യക്തമാക്കുമോ; | (സി) | ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (ജൂനിയർ) കൊമേഴ്സ് തസ്തികയിലുള്ള 10 ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 42 ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റിവച്ചിട്ടുണ്ട്. ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ കൊമേഴ്സ് തസ്തികയിലുള്ള 15 ഒഴിവുകൾ ജൂനിയർ അധ്യാപകരിൽ നിന്നുള്ള തസ്തികമാറ്റ നിയമനത്തിനായി മാറ്റി വച്ചിട്ടുണ്ട്. |
| (ഡി) | ഇപ്പോഴുള്ള എച്ച്.എസ്.എസ്.റ്റി (കോമേഴ്സ്) ജൂനിയർ ലിസ്റ്റിൽ നിന്നും നിലവിൽ എത്രപേരെ നിയമിച്ചുവെന്നും പുതിയതായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ? | (ഡി) | നിലവിലുള്ള ഹയർ സെക്കന്ററി കൊമേഴ്സ് (ജൂനിയർ) അധ്യാപക തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 440 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. എൻ.ജെ.ഡി ആയ 2 ഒഴിവുകളും ശൂന്യവേതനാവധി മുഖാന്തിരം ഉണ്ടായ 2 ഒഴിവുകളും പുതുതായി പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം:

| ക്രമ നം. | തസ്തിക | ഒഴിവുകൾ |
|---|---|---|
| 1 | HSST (Jr.) Commerce | **10** |
| 2 | HSST Geography | **8** |
| 3 | HSST (Jr.) Geography | **2** |
| 4 | HSST English | **62** |
| 5 | HSST (Jr.) English | **34** |
| 6 | HSST Chemistry | **13** |
| 7 | HSST (Jr.) Chemistry | **16** |
| 8 | HSST (Jr.) Economics | **28** |
| 9 | HSST (Jr.) History | **5** |
| 10 | HSST (Jr.) Politics | **15** |
| 11 | HSST Malayalam | **15** |
| 12 | HSST (Jr.) Malayalam | **2** |
| 13 | HSST (Jr.) Botany | **1** |
| 14 | HSST (Jr.) Sociology | **4** |
| 15 | HSST Mathematics | **28** |
| 16 | HSST (Jr.) Mathematics | **57** |
| 17 | Lab Assistant | **26** |
| 18 | HSST (Jr.) Hindi | **16** |
| 19 | HSST Hindi | **7** |
| 20 | HSST (Jr.) Arabic | **30** |
| 21 | HSST Geology | **2** |
| 22 | HSST (Jr.) Urdu | **4** |